ആ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ കത്തിടപാടുകൾക്കും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ന്യൂനപക്ഷഭാഷ ഉപയോഗിക്കണമെന്നും എല്ലാ പ്രധാനപ്പെട്ട സർക്കാർ ഓഫീസുകളിലും നിയമങ്ങളും അപേക്ഷാ ഫോറങ്ങളും ന്യൂനപക്ഷഭാഷയിൽക്കൂടി അച്ചടിക്കണമെന്നും 26-11-1961-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് കർശനമായി പാലിക്കണമെന്ന് കാലാകാലങ്ങളിൽ വകുപ്പ് തലവന്മാർക്കും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി വരികയാണ്.

(4) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ ആശയുടെ തിരോധാനം.

ശ്രീമതി റോസമ്മ ചാക്കോ : സർ, മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിൽ വല്ലാട്ടിൽ സോമരാജന്റെ മകൾ ആശ എന്ന 20 വയസ്സുള്ള കുട്ടിയെ 3-3-2000 മുതൽ കാണാതായിരിക്കുന്നു. ആ കുട്ടി ഡി.വൈ.എഫ്.ഐ. യുടെ മണലൂർ ബ്ലോക്ക് കമ്മിറ്റി അംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ പ്രവർത്തകയും എളവള്ളി പട്ടികജാതി - പട്ടിക വർഗ്ഗ സഹകരണ സംഘം സെക്രട്ടറിയുമാണ്. പോലീസിൽ പരാതി കൊടുത്തു. യാതൊരു അന്വേഷണവും നടത്തുന്നില്ലെന്നുള്ളതാണ് യഥാർത്ഥത്തിലുള്ള സ്ഥിതി. കടുവയെ കിടുവ പിടിക്കുന്ന സമ്പ്രദായമാണ്. അതിന് അടുത്തുള്ള ഒരു മജിദിനേയും കാണാതായിട്ടുണ്ടെന്ന് കേൾക്കുന്നു. ഈ പെൺകുട്ടിയുടെ വിവാഹ നിശ്ചയം കഴിഞ്ഞതാണ്. രക്ഷകർത്താക്കൾ വേണ്ടപ്പെട്ടിടത്തെല്ലാം അപേക്ഷകൊടുത്തു. ഡി. ജി. പി. ക്കും കൊടുത്തു എന്ന് എനിക്ക് തോന്നുന്നു. ഇതുവരെ ആ കുട്ടിയെ കണ്ടുകിട്ടിയിട്ടില്ല. മാതാപിതാക്കൾ പരിഭ്രാന്തരായി കഴിയുന്നു. വേണ്ട അന്വേഷണം നടത്തി എത്രയും വേഗം കണ്ടെത്താനുള്ള നടപടി ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ആ കുട്ടി കേരളത്തിൽ തന്നെ ഉണ്ടോ എന്നാണ് ഇപ്പോൾ അന്വേഷണം നടത്തുന്നത്, അതാണ് പ്രശ്നം. തൃശൂർ എളവള്ളി വല്ലാട്ടിൽ സോമരാജന്റെ മകൾ എളവള്ളി പട്ടികജാതി സർവ്വീസ് സഹകരണസംഘം സെക്രട്ടറിയായിരുന്ന· ആശ 3-3-2000-ൽ സഹകരണസംഘത്തിൽ ജോലിക്ക് പോയതിനുശേഷം മാർച്ച് 14 വരെ മടങ്ങിവന്നിട്ടില്ലെന്ന് പറഞ്ഞ് കളക്ടർക്ക് പരാതി ലഭിച്ചു. അതു സംബന്ധിച്ച് 54/2000 നമ്പരായി പാവറട്ടി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. വീടിനടുത്ത് താമസിക്കുന്ന സിദ്ധിക്കുമായി ബാംഗ്ലൂരിലേക്ക് പോയതായി ആശ കത്ത് എഴുതിവച്ചിട്ടുണ്ട്. മനസ്സിലായോ ? അത് മനസ്സിലാക്കണം. അന്വേഷണം ത്വരിതപ്പെടുത്തുകയാണ്. ആശയെ കണ്ടെത്താൻ അന്വേഷണം ഊർജ്ജിതപ്പെടുത്താൻ ഇവിടെത്തെ ഡി.ജി.പി. ക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly